സ്ഥലവും പൂർണ്ണമായും ഒലിച്ചുപോയ മൂന്ന് കുടുംബങ്ങൾക്ക് 10 സെന്റ് സ്ഥലം വീതം അനുവദിച്ചു. വീടുകൾ പൂർണ്ണമായും തകർന്നവർക്കു വീട് വയ്ക്കുന്നതിന് 50,000 രൂപ വീതം പ്രത്യേക ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(സി) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ പഠനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) റിപ്പോർട്ട് ലഭ്യമാക്കുന്നതാണ്.

(എഫ്) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പരിശോധിച്ചു വരുന്നു.

അന്തർ സംസ്ഥാന നദീജല കരാർ

106 [111] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് മറ്റു സംസ്ഥാന സർക്കാറുകളുമായി ചർച്ച നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) തമിഴ്നാടുമായുള്ള ചർച്ചയിൽ ആനമലയാറിലെ വെള്ളം തമിഴ്നാടിന് നൽകാമെന്ന് സമ്മതിച്ചിരുന്നോ;

(സി) കരാറുപ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ഏതെങ്കിലും സ്ഥലത്ത് ലഭിക്കാതുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു അനുവാദവുമില്ലാതെ എവിടെയെങ്കിലും സംസ്ഥാനത്തെ ജലം ചോർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്.

(ബി) ഇല്ല. ആനമലയാറിൽ നിന്നും 2.5 ടി.എം.സി. വെള്ളം തമിഴ്നാടിന് നൽകുവാൻ 1970-ൽ ഒപ്പുവച്ച ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്ക് കീഴിലുള്ള മണക്കടവ് വിയർ, കേരള ഷോളയാർ എന്നിവിടങ്ങളിൽ അർഹതപ്പെട്ട വെള്ളം കേരളത്തിന് ലഭിക്കാതിരുന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly